ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) പഞ്ചായത്തു രൂപീകരണത്തിനു ശേഷം തിരഞ്ഞെടുപ്പു നടത്തുന്നതാണു്.

(ബി) ഉണ്ടു്.

(സി) ജൂലൈ മാസത്തിൽ പൂർത്തിയാകുമെന്നു വിചാരിക്കുന്നു.

മദ്യനിരോധനം

* ഫസ. ൦. (൭) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ മദ്യനിരോധനം പരിപൂർണ്ണമാക്കണമെന്നു് ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ;

(ബി) അതു് എത്ര നാൾകൊണ്ടു് പൂർണ്ണമാക്കണമെന്നാണു് ഗവൺമെണ്ടു് വിചാരിക്കുന്നതു്;

(സി) മദ്യനിരോധനം തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ പരിപൂർണ്ണമാക്കിയാൽ ഒരു കൊല്ലം ഈ സ്റ്റേറ്റിനു് എന്തു നഷ്ടം ഉണ്ടാകുമെന്നു് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല.

(സി) ഉദ്ദേശം മൂന്നു കോടി രൂപ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അടുത്തകൊല്ലം ഏതെങ്കിലും താലൂക്കിൽ മദ്യനിരോധനം നടപ്പാക്കുവാൻ വിചാരമുണ്ടോ?

ശ്രീ. സി. കേശവൻ: ബഡ്ജറിലെ പ്രൊവിഷൻ അനുസരിച്ചു് ചെയ്യുന്നതാണു്.

ശ്രീ. സി. വി. ഐപ്പു: പഴയ കൊച്ചിയിലെ തൃശ്ശിവപേരൂർ താലൂക്കിലേക്കും കൊച്ചികണയന്നൂർ താലൂക്കിലേക്കും മദ്യനിരോധനം വ്യാപിക്കാത്തതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: കൂടുതൽ സ്ഥലങ്ങളിൽ മദ്യനിരോധന മേഖലയാക്കണമെന്നു ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളപക്ഷം അവിടെയൊക്കെ മദ്യനിരോധനം നടപ്പാക്കുന്നതാണു്.

ശ്രീ. സി. വി. ഐപ്പു: പഴയ തിരുവിതാംകൂറിൽ കൂടുതൽ സ്ഥലത്തു മദ്യനിരോധനം നടപ്പാക്കുന്നതോടൊപ്പം കൊച്ചിയിലും നടപ്പാക്കുവാൻ ദയവുണ്ടാകുമോ?

Mr. Speaker: That has been answered.

ஸ்ரீ. ஏ. சிதம்பரநாத நாடார்: *பழய கொச்சி, புதிய கொச்சி, பழய திருவிதாங்கூர், புதிய திருவிதாங்கூர் என்று இந்த நாட்டிலுண்டா?*

Mr. Speaker: The Government cannot be called upon to explain those terms used in questions.

ഹരിജനോദ്ധാരണം

*ഫസ. ൧. (൮) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇക്കഴിഞ്ഞ ബഡ്ജറവവർഷത്തിൽ ഹരിജനോദ്ധാരണപരമായി നാഗർകോവിൽ ഡിവിഷൻമുഖേന പ്രത്യേക പ്രവർത്തനങ്ങൾ നടത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനപരിപാടികൾ എന്തെല്ലാം?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ബഡ്ജറവ് വർഷത്തിൽ ഇല്ല.

(ബി) മുൻ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കഴിഞ്ഞ ബഡ്ജറവ് വർഷത്തിൽ ഈ ഡിവിഷനിൽ ഡിപ്പാർട്ട്മെന്റ് മുഖേന യാതൊരു പ്രവർത്തിയും നടന്നിട്ടില്ലെന്നാണോ വിചാരിക്കേണ്ടത്?

ശ്രീ. സി. കേശവൻ: എല്ലാ ഡിസ്ട്രിക്ടിലും കാര്യപരിപാടി അനുസരിച്ച് നടന്നിട്ടുണ്ട്. അതിനുപുറമെ ഈ ഡിസ്ട്രിക്ടിൽ മാത്രം ചെയ്യിട്ടില്ലെന്നാണ്, അങ്ങനെയാക്കേണ്ടത്.

വില്ലേജ് റോഡ്

*ഫനഫ. (൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിങ്കര താലൂക്കിൽ വിളപ്പിൽ പകുതിയിൽ ചേന്പേയാട്–വെള്ളനാട് റോഡ് ഡിപ്പാർട്ടുമെന്റിൽനിന്നും ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏതു വർഷത്തിലായിരുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഏകദേശം ഫഠ കൊല്ലങ്ങൾക്കു മുമ്പ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പന്ത്രണ്ടു കൊല്ലത്തിനുള്ളിൽ എത്ര പ്രാവശ്യം ഈ റോഡ് നന്നാക്കിയിട്ടുണ്ടെന്നു ദയവുണ്ടായിരുന്നു അറിയാമോ?

ശ്രീ. സി. കേശവൻ: അവിടെ ക്രമപ്രകാരം ഉള്ള റിപ്പയേഴ്സ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: ഈ റോഡ് ഉപയോഗയോഗ്യമല്ലെന്നു ദയവുണ്ടായിരുന്നു അറിയാമോ?

ശ്രീ. സി. കേശവൻ: ഉപയോഗയോഗ്യമല്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകൊണ്ട് അതു വിശ്വസിച്ച് അന്വേഷണം നടത്താം.

ഉദ്യോഗങ്ങൾ

*ഫനഫ. (൧൦) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

സംസ്ഥാനത്തെ പബ്ലിക് സർവ്വീസ് കമ്മീഷൻ വിധേയമായിട്ടാണോ മുനിസിപ്പാലിറ്റികളിൽ ഉദ്യോഗനിയമനങ്ങൾ നടത്തിവരുന്നത്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): കൊച്ചി വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെയാണ്. എന്നാൽ തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല.

സാഹിബ് ബഹദൂർ ശ്രീ. ടി. എം. മൊയ്തീൻകുഞ്ഞ്: തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ നില മാറ്റുവാൻ വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly